**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3769** **15-07-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിർദിഷ്ട സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹിക ആഘാത പഠനത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹിക ആഘാത പഠനത്തിനായി 20.50 കോടി രൂപ ചെവലായിട്ടുണ്ട്. |
| (ബി) | സാമൂഹിക ആഘാത പഠനത്തിന്റെ ഭാഗമായി അതിരടയാള കല്ലുകൾ സ്ഥാപിക്കുന്ന നടപടി കോടതി തടഞ്ഞിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് പ്രസ്തുത പഠനത്തിനായി ഇപ്രകാരം കല്ലുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | കല്ലുകൾ ഇടുന്നതിനെ വിലക്കിയുള്ള കോടതി ഉത്തരവ് നിലവിലില്ല. |
| (സി) | സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ സമർപ്പിച്ച ഡി.പി.ആർ റെയിൽവേ ബോർഡിന്റെ പരിഗണനയിലാണ്. ഡി.പി.ആർ റെയിൽവേ ബോർഡ് അംഗീകരിച്ച് എക്സ്പെൻഡിച്ചർ വകുപ്പ്, നീതി ആയോഗ്, കൂടാതെ മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയ്ക്ക് സമർപ്പിക്കണം. തുടർന്ന് എക്സ്പെൻഡിച്ചർ ഫിനാൻസ് കമ്മിറ്റി (ഇ.എഫ്.സി) പബ്ലിക്ക് ഇൻവെസ്റ്റ്മെന്റ് ബോർഡ് (പി.ഐ.ബി) എന്നീ തലങ്ങളിൽ മീറ്റിംഗ് നടത്തി റെയിൽവേ മന്ത്രിയുടെ അംഗീകാരത്തോടെ കാബിനറ്റ് കമ്മിറ്റിയുടെ അന്തിമാനുമതിക്കു സമർപ്പിക്കേണ്ടതായുണ്ട്. |
| (ഡി) | സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി പദ്ധതി സംസ്ഥാനത്തിന് അനുയോജ്യമല്ലായെന്ന് ബോധ്യപ്പെട്ടാൽ സിൽവർ ലൈൻ പദ്ധതിയിൽ നിന്ന് പിന്മാറുവാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (ഡി) | പദ്ധതിയുടെ വിശദമായ സാങ്കേതിക-സാമ്പത്തിക സാധ്യതയുടെ അടിസ്ഥാനത്തിലാണ് സിൽവർലൈൻ പദ്ധതി നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ